(ബി) എങ്കിൽ, ഇത് പ്രായോഗികമാക്കിയിട്ടുണ്ടോ; കൺസോർഷ്യം രൂപീകരിച്ചത് എപ്പോഴാണ്; നിലവിൽ സർവ്വീസിൽനിന്നും വിരമിച്ച എത്ര പേർ അടങ്ങിയതാണ് കൺസോർഷ്യം;

(സി) കൺസോർഷ്യത്തിലുള്ളവരെ ഏതെല്ലാം വികസന പദ്ധതികൾക്കായാണ് ഇതിനകം ഉപയോഗിച്ചത്;

(ഡി) പ്രഖ്യാപനത്തിനപ്പുറം പ്രയോഗികമായിട്ടില്ലെങ്കിൽ അതിനിടയാക്കിയ സാഹചര്യം വെളിപ്പെടുത്താമോ?

ഉത്തരം

(എ-ഡി) നൈപുണ്യം ലഭ്യമാക്കുന്നത് സംബന്ധമായി തൊഴിലും നൈപുണ്യവും വകുപ്പിൽനിന്നും കൺസോർഷ്യം രൂപീകരിച്ചിട്ടില്ല.

കർഷകത്തൊഴിലാളി ക്ഷേമനിധി

233 (934) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങളുടെ വിതരണം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കാനുള്ള പരമാവധി വാർഷിക വരുമാനം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണെന്ന് അറിയിക്കുമോ;

(സി) വാർഷിക വരുമാനം കൂടുതലാണെന്ന കാരണത്താൽ ആരുടെയെങ്കിലും ആനുകൂല്യം തടഞ്ഞ് വച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) വരുമാനപരിധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഡയറക്ടർ ബോർഡ് തലത്തിലും ബോർഡിന്റെ ജില്ലാ ഓഫീസർമാരുടെ സംസ്ഥാനതല യോഗത്തിലും ക്ഷേമനിധി ആനുകൂല്യങ്ങളുടെ വിതരണം വിലയിരുത്തി വരുന്നുണ്ട്. ബോർഡിൽ 2010 ജനുവരി മുതലുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുണ്ട്. 2015 ഡിസംബറിലെ കണക്കുപ്രകാരം ബോർഡ് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങളിലായി 242 കോടി രൂപയുടെ ആനുകൂല്യങ്ങൾ കുടിശ്ശികയായുണ്ട്. ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് കുടിശ്ശികയ്ക്ക് കാരണം.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് വിതരണം ചെയ്യുവരുന്ന ക്ഷേമാനുകൂല്യങ്ങൾക്ക് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.

എംപ്ലോയബിലിറ്റി സെന്ററുകൾ

234 (935) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത സെന്ററിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ കണ്ടെത്തി സോഫ്റ്റ് സ്കിൽസുകൾക്ക് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത സ്ഥാപനങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. അതോടൊപ്പം വിവിധ തൊഴിൽദാതാക്കളുമായി സഹകരിച്ച് പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ ലക്ഷ്യം.

(സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ നിലവിൽ കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലായി അഞ്ച് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ആലപ്പുഴ, കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം തുടങ്ങുന്ന എംപ്ലോയബിലിറ്റി സെന്ററുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാകുകയും ഇവയുടെ എച്ച്.ആർ. പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. എംപ്ലോയബിലിറ്റി സെന്ററുകളുടെ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly